**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4793** **19-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (എ) | **കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1.**കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം**<br><br>കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ ഉൾപ്പെട്ട 3.04 ഏക്കർ ഭൂമിയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേക്ക് വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കി സമർപ്പിച്ച കൺസപ്റ്റ് നോട്ട് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ii.**കണ്ണൂർ തളിപ്പറമ്പ് തീയേറ്റർ കോംപ്ലക്സ്**<br><br>കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ വില്ലേജിൽ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഭൂമി കൈമാറി കിട്ടുന്നതിലേക്ക് 03.03.25ന് കണ്ണൂർ കളക്ടർക്ക് സാംസ്കാരിക വകുപ്പ് റിക്വിസിഷൻ ഫോം അയച്ചിട്ടുണ്ട്.<br><br>iii.**ധർമ്മടം തീയറ്റർ കോംപ്ലക്സ് നിർമ്മാണം**<br><br>ധർമ്മടം പഞ്ചായത്തിൽ കെ.എസ്.എഫ്.ഡി.സി നിർവ്വഹണ ഏജൻസിയായിട്ടുള്ള തിയേറ്റർ കോംപ്ലക്സ്, നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ആദ്യ ഗഡുവായി 7,45,000 രൂപയും രണ്ടാം ഗഡുവായി 52,55,000 രൂപയും തുടർന്ന് 2,53,00,000 രൂപയും കെ.എസ്.എഫ്.ഡി.സിയ്ക്ക് അനുവദിച്ചു നൽകി.<br><br>iv. **പിണറായി ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം** |

| | | | |
|---|---|---|---|
| | | | പിണറായി വില്ലേജിൽ ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് സർവ്വേ നമ്പർ 17 ലെ 4.5 ഏക്കർ ഭൂമി കൈമാറിക്കിട്ടിയിട്ടുണ്ട്. അധിക ഭൂമി ഏറ്റെടുക്കുന്നതിനായി സർവ്വേ നമ്പർ 2,18 ൽ പ്പെട്ട കണ്ടൽ കാടുകൾ ഒഴികെയുള്ള 5.45 ഏക്കർ ഭൂമി നിർമ്മാണേതര പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി [സ.ഉ(സാധാ) നം.154/2025/ആർ.ഡി തീയതി 18.01.2025 പ്രകാരം] ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>v. <u>**ചെറുശ്ശേരി സ്മാരകം**</u><br><br>മഹാകവി ചെറുശ്ശേരിക്ക് കണ്ണൂർ ചിറയ്ക്കൽ കിഴക്കേക്കര മതിലകം ക്ഷേത്രത്തിന്റെ സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് കിഴക്കേക്കര മതിലകം ക്ഷേത്രം വക സ്ഥലത്തിന്റെ ഉപയോഗാനുമതിക്കായുള്ള സമ്മതപത്രം ലഭ്യമായിട്ടുണ്ട്. ടി സ്മാരക നിർമ്മാണത്തിന്റെ എസ് പി വി ആയി കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെയും ഡി പി ആർ, കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന്റെ മേൽ നോട്ടച്ചുമതല വാസ്തുവിദ്യാ ഗുരുകുലത്തിനെയും ഏൽപ്പിച്ചിട്ടുണ്ട്. KSCADC ലഭ്യമാക്കിയ DPR സർക്കാർ പരിശോധിച്ചു വരുന്നു.<br><br><u>**vi.മട്ടന്നൂർ ഡിഫറന്റ് ആർട്ട് അക്കാദമി ആൻഡ് കൾച്ചറൽ സെന്റർ**</u><br><br>മട്ടന്നൂർ ഡിഫറന്റ് ആർട്ട് അക്കാദമി ആൻഡ് കൾച്ചറൽ സെന്റർ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി ഉത്തരവായിട്ടുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭൂമി ടി നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് തയ്യാറാണെന്ന ഭരണസമിതി തീരുമാനം ലഭ്യമായിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അധിക ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി ലഭ്യമായതിനെത്തുടർന്നുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കാമോ? | (ബി) | **കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1.<u>**കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം**</u> |

കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ ഉൾപ്പെട്ട 3.04 ഏക്കർ ഭൂമിയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിലേക്ക് വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കി സമർപ്പിച്ച കൺസപ്റ്റ് നോട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

ii.**<u>കണ്ണൂർ തളിപ്പറമ്പ് തീയേറ്റർ കോംപ്ലക്സ്</u>**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ വില്ലേജിൽ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഭൂമി കൈമാറി കിട്ടുന്നതിലേക്ക് 03.03.25ന് കണ്ണൂർ കളക്ടർക്ക് സാംസ്കാരിക വകുപ്പ് റിക്വിസിഷൻ ഫോം അയച്ചിട്ടുണ്ട്.

iii.**<u>ധർമ്മടം തീയറ്റർ കോംപ്ലക്സ് നിർമ്മാണം</u>**

ധർമ്മടം പഞ്ചായത്തിൽ കെ.എസ്.എഫ്.ഡി.സി നിർവ്വഹണ ഏജൻസിയായിട്ടുള്ള തിയേറ്റർ കോംപ്ലക്സ്, നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ആദ്യ ഗഡുവായി 7,45,000 രൂപയും രണ്ടാം ഗഡുവായി 52,55,000 രൂപയും തുടർന്ന് 2,53,00,000 രൂപയും കെ.എസ്.എഫ്.ഡി.സിയ്ക്ക് അനുവദിച്ച് നൽകി.

iv. **<u>പിണറായി ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം</u>**

പിണറായി വില്ലേജിൽ ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് സർവ്വേ നമ്പർ 17 ലെ 4.5 ഏക്കർ ഭൂമി കൈമാറിക്കിട്ടിയിട്ടുണ്ട്. അധിക ഭൂമി ഏറ്റെടുക്കുന്നതിനായി സർവ്വേ നമ്പർ 2,18 ൽ പ്പെട്ട കണ്ടൽ കാടുകൾ ഒഴികെയുള്ള 5.45 ഏക്കർ ഭൂമി നിർമ്മാണേതര പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി [സ.ഉ(സാധാ) നം.154/2025/ആർ.ഡി തീയതി 18.01.2025 പ്രകാരം] ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.

v. **<u>ചെറുശ്ശേരി സ്മാരകം</u>**

മഹാകവി ചെറുശ്ശേരിക്ക് കണ്ണൂർ ചിറയ്ക്കൽ കിഴക്കേക്കര മതിലകം ക്ഷേത്രത്തിന്റെ സ്ഥലത്ത് സ്മാരകം നിർമ്മിക്കുന്നതിന് കിഴക്കേക്കര മതിലകം ക്ഷേത്രം വക സ്ഥലത്തിന്റെ ഉപയോഗാനുമതിക്കായുള്ള സമ്മതപത്രം ലഭ്യമായിട്ടുണ്ട്. ടി സ്മാരക നിർമ്മാണത്തിന്റെ എസ് പി വി ആയി കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ്

| | | | |
|---|---|---|---|
| | | | കോർപ്പറേഷനെയും ഡി പി ആർ, കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന്റെ മേൽ നോട്ടച്ചുമതല വാസ്തുവിദ്യാ ഗുരുകുലത്തിനെയും ഏൽപ്പിച്ചിട്ടുണ്ട്. KSCADC ലഭ്യമാക്കിയ DPR സർക്കാർ പരിശോധിച്ചു വരുന്നു.<br><br>**vi.മട്ടന്നൂർ ഡിഫറന്റ് ആർട്ട് അക്കാദമി ആൻഡ് കൾച്ചറൽ സെന്റർ**<br><br>മട്ടന്നൂർ ഡിഫറന്റ് ആർട്ട് അക്കാദമി ആൻഡ് കൾച്ചറൽ സെന്റർ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി ഉത്തരവായിട്ടുണ്ട്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭൂമി ടി നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് തയ്യാറാണെന്ന ഭരണസമിതി തീരുമാനം ലഭ്യമായിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അധിക ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി ലഭ്യമായതിനെത്തുടർന്നുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ